സംബന്ധിച്ച് ലേബർ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു കാൺഫറൻസ് വിളിച്ചുകൂട്ടുന്നുണ്ട്.

(സി ആൻഡ് ഡി) വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ഇ to എച്ച്) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

ലേബർ ഡിപ്പാർട്ടുമെൻറ്

* 23 [48] ശ്രീ. കെ. എ. ശിവരാമഭാരതി: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

ലേബർ ഡിപ്പാർട്ടുമെൻറിൽ ഇന്നത്തെ ഗവൺമെൻറ് വന്നതിനുശേഷം എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

ലേബർ ഡിപ്പാർട്ടുമെൻറിൽ ഒരു സ്റ്റാറ്റിസ്റ്റിക്കൽ വകുപ്പ് പ്രത്യേകം രൂപീകരിച്ചിട്ടുണ്ട്.

കേരളാ സ്റ്റേറ്റിന്റെ പൊതുക്കടം

* 24 [54] ശ്രീ. ജെ. കമാലിയാസ് മൊറായിസ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) കേരളാ സ്റ്റേറ്റിന് എത്ര കോടി രൂപയുടെ പൊതുക്കടം ഉണ്ട്;

(ബി) പൊതുക്കടമായി എടുത്തിട്ടുള്ള തുക ഏതെല്ലാം പ്രോജക്ടുകളിൽ നിക്ഷേപിച്ചിട്ടുണ്ട്;

(സി) അങ്ങനെ നിക്ഷേപിച്ചിട്ടുള്ള പ്രോജക്റ്റിൽനിന്നും ആദായം കിട്ടുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കിട്ടിയ ആദായം എത്ര?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ).

(എ) കഴിഞ്ഞ സാമ്പത്തികവർഷാവസാനത്തിൽ സംസ്ഥാനത്തിന്റെ പൊതുക്കടം 261.86 കോടി രൂപയായിരുന്നു.

(ബി) കടമെടുത്തിട്ടുള്ള തുകകൾ പ്രധാനമായും കൃഷി, മൃഗസംരക്ഷണം, ജലസേചനം, വിദ്യുച്ഛക്തി ഉൽപ്പാദനം, വ്യവസായവികസനം തുടങ്ങിയ പദ്ധതികൾക്കായിട്ടാണ് ചെലവാക്കി വരുന്നത്.

(സി ആൻഡ് ഡി) ഗവൺമെൻറ് നടപ്പാക്കുന്ന വികസനപദ്ധതികൾ എല്ലാം തന്നെ പൊതുനൻമയെ ലക്ഷ്യമാക്കിയുള്ളവയാണ്. വാണിജ്യാടിസ്ഥാനത്തിൽ അവയിൽനിന്നും എന്തുമാത്രം ആദായം ലഭിക്കുന്നു എന്നു കണക്കാക്കാറില്ല.

കശുഅണ്ടി വ്യവസായശാലകൾ

* 25 [59] ശ്രീ. പി. കെ. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരവധി കശുഅണ്ടി വ്യവസായശാലകൾ പൂട്ടിയിട്ടിരിക്കുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വ്യവസായശാലകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും കശുഅണ്ടി വ്യവസായം പുരോഗമിപ്പിക്കുന്നതിനും വേണ്ടി എന്തെങ്കിലും ഫല പ്രദമായ നടപടികൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

വ്യവസായവും തൊഴിലും മന്ത്രി (ശ്രീ. പി. രവീന്ദ്രൻ):

(എ) സംസ്ഥാനത്തെ ചില കശുഅണ്ടി ഫാക്ടറികൾ പൂട്ടിയിട്ടിരിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 19-12-1969-ൽ കശുഅണ്ടി ഫാക്ടറി ഉടമകളുടേയും തൊഴിലാളികളുടേയും പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ കൊല്ലത്ത്വച്ച് നടത്തിയ സമ്മേളനത്തിൽ എടുത്ത തീരുമാനമനുസരിച്ച് ഇപ്പോൾ കൈവശമുള്ള തോട്ടണ്ടിയും മേലിൽ ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയും ഫാക്ടറി ഉടമകൾ അവരവരുടെ ഈ സംസ്ഥാനത്തുള്ള ഫാക്ടറികളിൽവച്ച് മാത്രം ജോലി ചെയ്യിച്ചുകൊള്ളാമെന്നും ഈ സംസ്ഥാനത്തിന് പുറമേ തോട്ടണ്ടി കൊണ്ടുപോകുകയില്ലെന്നും ഇപ്പോൾ തോട്ടണ്ടി കൈവശമുള്ള ഫാക്ടറി ഉടമകൾ ഉടനെതന്നെ തങ്ങളുടെ ഫാക്ടറികൾ തുറന്ന് ജോലി ചെയ്യിച്ചുകൊള്ളാമെന്നും സമ്മതിച്ചിട്ടുണ്ട്.

ഇതിനും പുറമേ കിഴക്കനാഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് ഗുണ നിയന്ത്രണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് തർക്കം കാരണം ഇറക്കുമതി ഇന്ന് സ്തംഭനാവസ്ഥയിലാണ്. ഈ പ്രശ്ന പരിഹാരത്തിന് ഉടനടി കേന്ദ്ര വിദേശവാണിജ്യമന്ത്രികാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ കേരളാ കശുഅണ്ടി കോർപ്പറേഷൻ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു നിവേദക സംഘത്തെ അയയ്ക്കണമെന്ന് കേന്ദ്രമന്ത്രിക്ക് ശുപാർശ ചെയ്യുകയും നടപടികൾ ത്വരിതപ്പെടുത്താൻ സമ്പർക്കം പുലർത്തിവരികയും ചെയ്യുന്നുണ്ട്.

കൂടാതെ വ്യവസായത്തെ ബാധിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് കശുഅണ്ടി കോർപ്പറേഷൻ അധികൃതർ സമർപ്പിച്ച മെമ്മോറാണ്ടം സത്വര പരിഗണനയ്ക്കായി കേന്ദ്രമന്ത്രിക്ക് അയച്ചു കൊടുക്കുകയും, താമസിയാതെ പ്രസ്തുത വിവരങ്ങൾ വിശദീകരിച്ചുകൊടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ന്യായമായ വിലയ്ക്ക് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനും വിതരണം ചെയ്യുന്നതിനും, ഗുണ നിയന്ത്രണം ഫലപ്രദമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റുമായി ചർച്ചചെയ്യുന്നതാണ്.

UNSTARRED QUESTIONS AND ANSWERS

ബി. ഫാം. കോഴ്സുകൾ

*7 [23] ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി. ഫാം. കോഴ്സ് പൂർത്തിയായി സേവനത്തിന് പ്രവേശിക്കാൻ അവിടെയുള്ള മെഡിക്കൽ കോളേജിൽ പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഇനിയും രണ്ടുകൊല്ലം വേണമെന്നിരിക്കേ, അതിനു മുമ്പായി ബി. ഫാം. കോഴ്സുകാരെ ഉദ്ദേശിച്ചുകൊണ്ട് സംസ്ഥാന പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അപേക്ഷ ക്ഷണിച്ചത് ഉപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികളോട് കാണിച്ചിരിക്കുന്ന അനീതിയല്ലേ;

LIBRARY ARCHIVES Kerala Legislative Assembly